**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2481** **12.02.2020-ൽ മറുപടിക്ക്**

**ഹൈഡൽ ടൂറിസം സെന്ററിന് പാട്ടത്തിന് നൽകിയ ഭൂമി**

| | ചോദ്യം<br>ശ്രീ. പി.ടി. തോമസ്<br>" ടി.ജെ. വിനോദ്<br>ശ്രീമതി ഷാനിമോൾ ഉസ്മാൻ<br>ശ്രീ. അനൂപ് ജേക്കബ് | | മറുപടി<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഇടുക്കി ജില്ലയിലെ പൊൻമുടി അണക്കെട്ടിന് സമീപം കെ. എസ്. ഇ. ബി.യുടെ അധീനതയിലിരുന്ന 25 ഏക്കർ ഭൂമി കേരള ഹൈഡൽ ടൂറിസം സെന്ററിന് നൽകിയിട്ടുണ്ടോ; എങ്കിൽ ഏത് വ്യവസ്ഥയിലാണ് ഭൂമി നൽകിയതെന്ന് അറിയിക്കാമോ; | (എ) | ഇടുക്കി ജില്ലയിലെ പൊൻമുടി അണക്കെട്ടിന് സമീപം കെ.എസ്.ഇ.ബിയുടെ അധീനതയിലുള്ള 21 ഏക്കർ ഭൂമി ഹൈഡൽ ടൂറിസത്തിന് നൽകിയിട്ടുണ്ട്. ടൂറിസം പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന് വേണ്ടി നിയന്ത്രിത അനുവാദം (Permissive Sanction) വ്യവസ്ഥയിലാണ് നൽകിയിട്ടുള്ളത്. |
| (ബി) | റവന്യൂ വകുപ്പിന്റെ അധീനതയിലിരുന്ന പ്രസ്തുത ഭൂമി എന്ത് പദ്ധതിക്കായിട്ടാണ് കെ. എസ്. ഇ. ബി. ക്ക് കൈമാറിയത്; | (ബി) | റവന്യൂ വകുപ്പിന്റെ അധീനതയിലിരുന്ന പ്രസ്തുത ഭൂമി, പന്നിയാർ ജലവൈദ്യുത പദ്ധതിയുടെ ഭാഗമായ പൊൻമുടി അണക്കെട്ടിന്റെ അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടിയാണ് കെ. എസ്. ഇ. ബി. എൽ-ന് കൈമാറിയിട്ടുള്ളത്. |
| (സി) | പ്രസ്തുത ഭൂമി ഹൈഡൽ ടൂറിസം സെന്ററിന് പാട്ടത്തിന് നൽകുന്നതിന് മുമ്പ് റവന്യൂ വകുപ്പിന്റെ അനുമതി തേടേണ്ടതില്ലെ; ഇല്ലെങ്കിൽ എന്തുകൊണ്ട്; | (സി) | പ്രസ്തുത ഭൂമി ഹൈഡൽ ടൂറിസത്തിന് പാട്ടത്തിന് നൽകിയിട്ടില്ല. |
| (ഡി) | കേരള ഹൈഡൽ ടൂറിസം സെന്റർ പ്രസ്തുത ഭൂമിയിൽ ഇതിനകം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; | (ഡി) | ഹൈഡൽ ടൂറിസവുമായി ചേർന്ന് 20% വരുമാനം പങ്കിടൽ വ്യവസ്ഥയിൽ അമ്യൂസ്മെന്റ് പാർക്ക് സ്ഥാപിക്കുന്നതിനായി ഉപയോഗപ്പെടുത്താൻ രാജാക്കാട് സർവ്വീസ് സഹകരണ ബാങ്കിന് അനുമതി നൽകിയതിനെ തുടർന്ന് ഒന്നാംഘട്ടമായി ചിൽഡ്രൻസ് പാർക്ക്, കഫറ്റീരിയ എന്നിവയുടെ നിർമ്മാണം നടന്നിട്ടുണ്ട്. |
| (ഇ) | ഭൂമി കൈമാറ്റം സംബന്ധിച്ച് ബോർഡിനോട് റവന്യൂ വകുപ്പ് എന്തെങ്കിലും വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടോ? | (ഇ) | ഭൂമി കൈമാറ്റം സംബന്ധിച്ച് ബോർഡിനോട് റവന്യൂ വകുപ്പ് വിശദീകരണം ആവശ്യപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ